'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2731 06.11.2019 ന് മറുപടിയ്ക്ക്.

## ദേവികുളം നിയോജകമണ്ഡലത്തിൽ വന്യജീവി ആക്രമണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ : | | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം നിയോജക മണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണത്തിന് ഇരയായ ജനങ്ങൾക്കും കൃഷിനാശം സംഭവിച്ചവർക്കും നൽകിയിട്ടുള്ള നഷ്ടപരിഹാരം സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കാമോ; | (എ) | ദേവികുളം നിയോജക മണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണത്തിന് ഇരയായ ജനങ്ങൾക്കും കൃഷിനാശം സംഭവിച്ചവർക്കും നൽകിയിട്ടുള്ള നഷ്ടപരിഹാരം സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു:- |

| | |
|---|---|
| മരണം സംഭവിച്ചവരുടെ എണ്ണം | 16 |
| നഷ്ടപരിഹാര തുക (ലക്ഷത്തിൽ) | 91,00,000/- |
| വന്യജീവി ആക്രമണത്തിന് ഇരയായവരുടെ എണ്ണം | 15 |
| നഷ്ടപരിഹാര തുക (ലക്ഷത്തിൽ) | 5,94,953/- |
| കൃഷി നാശം സംഭവിച്ചത് (എണ്ണം) | 579 |
| നഷ്ടപരിഹാര തുക (ലക്ഷത്തിൽ) | 36,61,426/- |
| വീട് നഷ്ടപ്പെട്ടത് (എണ്ണം) | 3 |
| നഷ്ടപരിഹാര തുക | 98,000/- |

| | | | |
|---|---|---|---|
| (ബി) | ദേവികുളം നിയോജക മണ്ഡലത്തിൽ എത്ര കിലോമീറ്റർ വന അതിർത്തി ആണുള്ളത്; ആയതിന്റെ വില്ലേജ് / ഭൂപ്രദേശം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) | ദേവികുളം നിയോജക മണ്ഡലത്തിൽ 779.57 കിലോമീറ്റർ വന അതിർത്തി ആണുള്ളത്;<br>മാങ്കുളം വില്ലേജിൽ ഉൾക്കൊണ്ടുവരുന്ന മാങ്കുളം ഡിവിഷനിൽ മാങ്കുളം, ആനക്കുളം, കടലാർ, കല്ലാർ എന്നീ ഭൂപ്രദേശങ്ങളിലായി സെറ്റിൽമെന്റ് ഉൾ പ്പെടെ 211.17 കി.മീ. വനാതിർത്തി ഉണ്ട്. മൂന്നാർ ഡിവിഷനിൽ ദേവികുളം റെയിഞ്ചിൽ, കെ.ഡി.എച്ച്, പള്ളിവാസൽ, ചിന്നക്കനാൽ വില്ലേജുകളിലായി 5 7 കി.മീറ്ററും, മൂന്നാർ റെയിഞ്ചിൽ കെ.ഡി.എച്ച് വില്ലേജിൽ 84 കി.മീറ്ററും അടിമാലി റെയിഞ്ചിൽ മന്നാംകണ്ടം വില്ലേജിൽ 1 0 3 കി.മീറ്ററും, നേരിയമംഗലം റെയിഞ്ചിൽ ദേവികുളം നിയോജകമണ്ഡല പരിധിയിൽ 4 5 കി.മീറ്റർ വനാതിർത്തിയും ഉണ്ട്. മറയൂർ ഡിവിഷനിൽ, മറയൂർ വില്ലേജിൽ 36.67 കി.മീറ്ററും കാന്തല്ലൂർ വില്ലേജിൽ 68.33 കി.മീറ്റർ വനാതിർത്തിയും ഉണ്ട്.<br>മൂന്നാർ ഡിവിഷനിൽ ദേവികുളം മണ്ഡലത്തിൽ കെ.ഡി.എച്ച് വില്ലേജിൽ 91.4 കി.മീറ്ററും, മറയൂർ വില്ലേജിൽ 22 കി.മീറ്ററും, കീഴാന്തൂർ വില്ലേജിൽ 18 കി.മീറ്ററും, കാന്തല്ലൂർ വില്ലേജിൽ 20 കി.മീറ്ററും, വട്ടവട വില്ലേജിൽ 5 കി.മീറ്ററും, കൊട്ടക്കമ്പൂർ വില്ലേജിൽ 18 കി.മീറ്ററും വനാതിർത്തിയുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത വന അതിർത്തിയിൽ എത്ര ദൂരത്തിലാണ് സോളർ വേലി, മതിൽ, ട്രഞ്ച്, റെയിൽവേലി തുടങ്ങി ഏതെങ്കിലും വിധത്തിലുള്ള പ്രതിരോധം തീർക്കൽ പൂർത്തിയാക്കിയിട്ടുള്ളതെന്ന് വില്ലേജ് / ഭൂപ്രദേശം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | (സി) | അടിമാലി റെയിഞ്ചിൽ മന്നാംകണ്ടം വില്ലേജിൽ 3.9 കി.മീറ്ററും, നേരിയ മംഗലം റെയിഞ്ച് പരിധിയിൽ 9 . 6 കി.മീറ്ററും സോളാർ ഫെൻസിംഗ് ചെയ്തിട്ടുണ്ട്. അടിമാലി റെയിഞ്ചിൽ മന്നാംകണ്ടം വില്ലേജിൽ 1 . 3 കി. മീറ്റർ ട്രെഞ്ചും നിർമ്മിച്ചിട്ടുണ്ട്. മറയൂർ വില്ലേജിൽ 11 കി.മീറ്ററും, കീഴന്തൂർ വില്ലേജിൽ 9.5 കി.മീറ്ററും സോളാർ ഫെൻസിംഗ് ചെയ്തിട്ടുണ്ട്. കൂടാതെ, മറയൂർ വില്ലേജിൽ 800 മീറ്റർ ട്രെഞ്ചും ചെയ്തിട്ടുണ്ട്.<br>ഇരവികുളം നാഷണൽ പാർക്കിൽ, കെ.ഡി.എച്ച് വില്ലേജിൽ 0 . 8 3 4 മീറ്റർ ട്രെഞ്ചും, 4.5 കി.മീ സോളാർ ഫെൻസിംഗ് നിർമ്മിച്ചിട്ടുണ്ട്. ഷോലാ നാഷണൽ പാർക്കിൽ കാന്തല്ലൂർ വില്ലേജിൽ 2 കി.മീറ്ററും, വട്ടവട വില്ലേജിൽ 6 . 6 5 കി.മീറ്റർ സോളാർ ഫെൻസിംഗും, 0.703 മീറ്റർ ട്രെഞ്ചും, 70 മീറ്റർ ആന മതിലും നിർമ്മിച്ചിട്ടുണ്ട്. ചിന്നാർ വന്യജീവി സങ്കേതത്തിൽ കാന്തല്ലൂർ വില്ലേജിൽ 3 കി. മീറ്ററും, മറയൂർ വില്ലേജിൽ 2 . 5 കി.മീറ്ററും സോളാർ ഫെൻസിംഗും, കീഴാന്തൂർ വില്ലേജിൽ 162 മീറ്ററും, മറയൂർ വില്ലേജിൽ 161 മീറ്ററും ആന മതിൽ നിർമ്മിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ